LIBRARY ARCHIVES Kerala Legislative Assembly

(14) കാക്കുന്നി ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. ഡി. 227 (ഡി) ആപ്കോസ്.

(15) തറമ്മലങ്ങാടി ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. ഡി. 228 (ഡി) ആപ്കോസ്.

(16) കല്ലോട് ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. ഡി. 229 (ഡി) ആപ്കോസ്.

(17) തായനപ്പാറ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. ഡി. 230 (ഡി) ആപ്കോസ്.

(18) പുതിയോട്ടുംവയൽ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. ഡി. 231 (ഡി) ആപ്കോസ്.

(19) ഇച്ചന്നൂർ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. ഡി. 232 (ഡി) ആപ്കോസ്.

(20) മഞ്ഞക്കുളം ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. ഡി. 233 (ഡി) ആപ്കോസ്.

(21) ചിറകൊല്ലി ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. ഡി. 234 (ഡി) ആപ്കോസ്.

(22) തൃക്കോട്ടൂർ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. ഡി. 235 (ഡി) ആപ്കോസ്.

(23) തൂണേരി ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. ഡി. 236 (ഡി) ആപ്കോസ്.

(സി) കുന്ദമംഗലം ബ്ലോക്കിലെ കാരശ്ശേരി പഞ്ചായത്തിലെ കളരിക്കണ്ടി പ്രദേശം മുക്കം ക്ഷീരസംഘത്തിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെട്ടതാണ്. എന്നിരുന്നാലും ഇക്കാര്യം പരിശോധിക്കുന്നതാണ്.

## മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ

91 [1219] ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. വി. ശശികുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പുതുതായി എത്ര ഡയറി ഫാമുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു; ഇവയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇന്ത്യയുടെ തനത് കാലിവർഗ്ഗങ്ങളുടെ ബീജവിതരണത്തിനായി കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് ആവിഷ്കരിച്ച പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) കെ. എൽ. ഡി. ബോർഡും ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് കാളക്കുട്ടികളുടെ ശരീരഭാഗങ്ങളിൽ നിന്നും ഹൃദയവാൽവ് നിർമ്മിക്കുന്ന പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ?

## ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി പദ്ധതി വിഹിതമായും പദ്ധതിയേതര വിഹിതമായും കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2008-09-ൽ പദ്ധതി വിഹിതം 61.97 കോടിയായിരുന്നത് നടപ്പു സാമ്പത്തിക വർഷം 71.16 കോടിയായും പദ്ധതിയേതര വിഹിതം 128.30 കോടിയിൽ നിന്ന് 142.9 കോടിയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കാലിസമ്പത്തിന്റെ ആരോഗ്യസംരക്ഷണത്തിനായി മൃഗ സംരക്ഷണ സേവന കേന്ദ്രങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും രോഗ നിർണ്ണയ സങ്കേതങ്ങൾ ശക്തിപ്പെടുത്തുന്നതിനും സംസ്ഥാനത്തെ ഒരു കന്നുകാലി രോഗ നിയന്ത്രിത സംസ്ഥാനമാക്കി മാറ്റുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുതകുന്ന പദ്ധതികളും നടപ്പിലാക്കുന്നതാണ്. ഇതിനായി കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭിച്ച സംയോജിത കന്നുകാലി വികസന പദ്ധതി തുടർന്നും നടപ്പിലാക്കുന്നതാണ്. മുട്ടയുൽപ്പാദന വർദ്ധനവിനു മാത്രമായി 10 കോടി രൂപയുടെ കേന്ദ്രസഹായം പ്രതീക്ഷിച്ചുകൊണ്ടുള്ള ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതാണ്. ഭക്ഷ്യസുരക്ഷയുടെ ഭാഗമായി ആകെ 19 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

കന്നുകാലികളുടെ ആദ്യപ്രസവത്തിന്റെ കാലദൈർഘ്യം കുറയ്ക്കുന്നതിനും പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുന്നതിനുമായി 21000 പശുക്കുട്ടികൾക്കും 2000 എരുമക്കുട്ടികൾക്കും സൗജന്യനിരക്കിൽ കാലിത്തീറ്റയും വൈദ്യസഹായവും ഇൻഷ്വറൻസ് പരിരക്ഷയും ഏർപ്പാടാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കും.

പുതിയതായി ആവിഷ്കരിക്കപ്പെട്ട 'കന്നുകാലി പ്രജനനനയം' കാര്യക്ഷമമായി നടപ്പിലാക്കും. സംസ്ഥാനത്തെ കൃത്രിമ ബീജസങ്കലന പരിപാടി കൂടുതൽ പ്രയോജന കരമായി നടപ്പിലാക്കുന്നതിനായി ബീജധാനം കർഷകഭവനങ്ങളിൽ ഏർപ്പാടാക്കുന്നതിനുള്ള ചെറിയ കണ്ടെയ്നറുകൾ വാങ്ങി ലഭ്യമാക്കും. ആടുകളിലെ കൃത്രിമ ബീജധാന പരിപാടിയും വ്യാപകമാക്കും. മൃഗസംരക്ഷണ വിജ്ഞാനവ്യാപക പ്രവർത്തനങ്ങൾക്കായി ഫീൽഡ് സന്ദർശന പരിപാടിക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള രീതി അവലംബിക്കുന്നതാണ്. മികച്ച കർഷകരെ കണ്ടെത്തി അവാർഡുകൾ നൽകി ആദരിക്കും. വിജ്ഞാന വ്യാപന പദ്ധതിയുടെ ഭാഗമായി കർഷകർക്ക് പഠനയാത്രകൾ,

LIBRARY ARCHIVES Kerala Legislative Assembly

ടച്ച് സ്ക്രീൻ കിയോസ്കുകൾ എന്നിവ ഏർപ്പാടാക്കും. പൊതുജനാരോഗ്യ രംഗത്ത് പ്രാധാന്യമർഹിക്കുന്ന രോഗങ്ങളായ പേവിഷബാധ, ആന്ത്രാക്സ്, എലിപ്പനി എന്നിവയുടെ നിർമ്മാർജ്ജനത്തിനുള്ള പദ്ധതികളും നടപ്പിലാക്കുന്നതാണ്.

കൊല്ലം, ഇടുക്കി ജില്ലകളിലെ മുഴുവൻ കന്നുകാലികളെയും സൗജന്യ നിരക്കിൽ ഇൻഷ്വർ ചെയ്യുന്നതാണ്. വാണിജ്യബാങ്കുകളിൽ നിന്നും ക്ഷീരകർഷകർ എടുത്തിട്ടുള്ള വായ്പകൾക്കുള്ള പലിശയ്ക്ക് സബ്സിഡി നൽകുന്നതിനുള്ള പുതിയ പദ്ധതി ഇക്കൊല്ലം നടപ്പിലാക്കുന്നതാണ്.

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ, രാഷ്ട്രീയ കൃഷി വികാസ് യോജന, സുനാമി പുനരധിവാസ പദ്ധതി, വിദർഭ പദ്ധതി തുടങ്ങിയ കേന്ദ്ര സഹായമുള്ള പദ്ധതികളും മൃഗസംരക്ഷണ വകുപ്പ് മുഖേന തുടർന്നും നടപ്പിലാക്കുന്നതാണ്.

മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളായ കേരള കന്നുകാലി വികസന ബോർഡ്, കേരള പൗൾട്രി വികസന കോർപ്പറേഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ, കേരള ഫീഡ്സ് എന്നിവയുടെ ആഭിമുഖ്യത്തിലും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

കെ. എൽ. ഡി. ബോർഡിന്റെ നിയന്ത്രണത്തിൽ കുളത്തൂപ്പുഴയിലും മാട്ടുപ്പെട്ടിയിലും കോലാഹലമേട്ടിലും ഹൈ-ടെക് ഫാമുകൾ ആരംഭിക്കുന്നതാണ്. എം. പി. ഐ.-യുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതാണ്. കേരള ഫീഡ്സിന്റെ നേതൃത്വത്തിൽ കരുനാഗപ്പള്ളിയിൽ പുതിയ കന്നുകാലിതീറ്റ പ്ലാന്റും മുതലമടയിൽ ഫോഡർ ബ്ലോക്ക് നിർമ്മാണ യൂണിറ്റും ആരംഭിക്കും. മുട്ടയുൽപ്പാദനവും കോഴിയിറച്ചി ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ പൗൾട്രി വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നതാണ്.

ഇവ കൂടാതെ കേന്ദ്ര സഹായം ലഭിക്കുന്ന മുറയ്ക്ക് ഡോ. എം. എസ്. സ്വാമിനാഥൻ ശുപാർശ പ്രകാരമുള്ള 'കുട്ടനാട് പാക്കേജും' 'ഇടുക്കി പാക്കേജും' മൃഗസംരക്ഷണ വകുപ്പുവഴി നടപ്പിലാക്കുന്നതാണ്.

(ബി) കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് മൂന്ന് ഡയറി ഫാമുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

(1) ഹൈ-ടെക് ഫാം, കുളത്തൂപ്പുഴ–പദ്ധതി പ്രവർത്തനം പുരോഗമിക്കുന്നു. ഈ സാമ്പത്തികവർഷം തന്നെ പദ്ധതി പൂർത്തിയാകും.

(2) ഹൈ-ടെക് ഫാം മാട്ടുപ്പെട്ടി–ഈ സാമ്പത്തികവർഷം തന്നെ പദ്ധതി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

(3) ഹൈ-ടെക് ഫാം, കോലാഹലമേട്–ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി കോലാഹലമേട്ടിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

(സി) ഭാരതത്തിലെ കന്നുകാലി സമ്പത്ത് ജൈവവൈവിധ്യം കൊണ്ട് ശ്രദ്ധേയമാണ്. അത്യുൽപ്പാദന ശേഷിയുള്ളതും ഭാരതത്തിന്റെ സാംസ്കാരിക തനിമയുള്ളതുമായ ഗിർ, സഹിവാൾ, താർപാർക്കർ, കാൻകരേജ്, രതി എന്ന വർഗ്ഗങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

മികച്ച പാൽ ഉത്പാദന ശേഷിയുള്ളതും, രോഗപ്രതിരോധശേഷിയുള്ളതും ഉൽപ്പാദന ച്ചെലവ് കുറഞ്ഞവയുമാണ്. ഇവയിൽ നിന്ന് മുന്തിയ ഇനത്തിലുള്ള ശുദ്ധമായ കാളകളെയും, പശുക്കളെയും കെ. എൽ. ഡി. ബോർഡ് പുത്തൂർ, മാട്ടുപ്പെട്ടി, ധോണി ഫാമുകളിൽ വളർത്തുന്നു. തനത് ഇന്ത്യൻ വർഗ്ഗങ്ങളുള്ള പശുക്കൾക്ക് വേണ്ടി മാത്രം തൃശ്ശൂർ കൈനൂരിൽ ഫാം ആരംഭിച്ചു കഴിഞ്ഞു. പുതിയ കന്നുകാലി പ്രജനന നയത്തിന്റെ ഭാഗമായി അത്യുൽപ്പാദന ശേഷിയുള്ള ഇൻഡ്യൻ വർഗ്ഗങ്ങളുടെ ബീജവും, ഭ്രൂണവും ആവശ്യപ്പെടുന്ന കർഷകർക്ക് ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങൾക്കാവശ്യമായ ഇൻഡ്യൻ വർഗ്ഗങ്ങളുടെ ബീജവും ഭ്രൂണവും നൽകുന്നതിനും കെ. എൽ. ഡി. ബോർഡ് ലക്ഷ്യമിടുന്നു. 3500 മുതൽ 5000 ലിററർ വരെ ഉൽപ്പാദന ശേഷിയുള്ള ഗിർ, സഹിവാൾ, താർപാർക്കർ, കാൻകറേജ്, രതി എന്നീ വർഗ്ഗങ്ങളുടെ വിത്തുകാളയുടെ ബീജം പുതിയ കന്നുകാലികളുടെ പ്രജനന നയത്തിന്റെ പരിധിക്കുള്ളിൽ നിന്ന് വിതരണം ചെയ്യും. ശുദ്ധമായ വിദേശ ഇനങ്ങളെയും, ശുദ്ധമായ ഇൻഡ്യൻ വർഗ്ഗങ്ങളെയും തമ്മിൽ ബീജസങ്കലനം നടത്തി ഉണ്ടാകുന്ന പുതിയ F1 തലമുറ ഉൽപ്പാദന ശേഷി കൂടിയതും കൂടുതൽ രോഗ പ്രതിരോധ ശക്തിയുള്ളതുമായിരിക്കും. ശുദ്ധമായ വർഗ്ഗങ്ങളെ ഉപയോഗിക്കുന്നതുകൊണ്ട് തുടർന്നുള്ള തലമുറകളിൽ ഉൽപ്പാദനം കുറയുന്നതിനുള്ള സാദ്ധ്യതയും ഇല്ലാതാകുകയും അവയ്ക്ക് ഉൽപ്പാദനച്ചെലവ് കുറവുമായിരിക്കും. ഇത് ക്ഷീരകർഷകർക്ക് വളരെ സഹായകരമായിരിക്കും. ശുദ്ധ വർഗ്ഗത്തിൽപെട്ട ഇൻഡ്യൻ പശുക്കളെ വളർത്തുന്ന കർഷകരെ സംബന്ധിച്ചിടത്തോളം അവയുടെ ബീജം തന്നെ ഉപയോഗിച്ച് ശുദ്ധ വർഗ്ഗങ്ങളെ നിലനിർത്താൻ കഴിയും.

ശുദ്ധമായ ഇൻഡ്യൻ വർഗ്ഗങ്ങളുടെ മെച്ചപ്പെട്ട ബീജവും ഭ്രൂണവും മറ്റു സംസ്ഥാനങ്ങൾക്കും, വിദേശരാജ്യങ്ങൾക്കും വിതരണം ചെയ്യാൻ കഴിയും.

(ഡി) പദ്ധതി ആരംഭിച്ചു കഴിഞ്ഞു. ലബോറട്ടറി പൂർത്തിയായി. ആദ്യത്തെ ടിഷ്യു കളക്ഷൻ 2009 ജൂലൈയിൽ വിജയകരമായി നടന്നു.

## ആലുവായിലെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ആഫീസുകൾ

92 [1220] ശ്രീ. എം. എ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവായിലെ മൃഗസംരക്ഷണ വകുപ്പിന്റെ ഏതെല്ലാം ആഫീസുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ആഫീസുകളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഈ ആഫീസുകളുമായി ബന്ധപ്പെട്ട് എന്തെല്ലാം പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly